**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1589** **08-12-2022 - ൽ മറുപടിയ്ക്ക്**

**പട്ടയ വിതരണംഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിവിധ പട്ടയ അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള നടപടി എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ; ഇനിയും നടപടി പൂർത്തീകരിക്കാനുള്ള അപേക്ഷകളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | പട്ടയ അപേക്ഷകളിൻമേൽ വിശദമായ അന്വേഷണം നടത്തി അർഹരായവരെ കണ്ടെത്തിയും നിയമാനുസൃത നോട്ടീസുകൾ പുറപ്പെടുവിച്ചും ലാന്റ് അസൈൻമെന്റ് കമ്മിറ്റി ചേർന്നും ചില കേസുകളിൽ സർവ്വെ ചെയ്തും, ലാന്റ് ട്രൈബ്യൂണൽ പട്ടയ കേസുകളിൽ അപേക്ഷകരെ നേരിൽ കേട്ടും അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സമയബന്ധിതനായി നടത്തിവരുന്നു. എം.എൽ.എ.-മാരുടെ പങ്കാളിത്തത്തോടെ നടത്തപ്പെട്ട ജില്ലാ റവന്യൂ അസംബ്ളികളിൽ പട്ടയം മുഖ്യ വിഷയമാക്കിയെടുത്ത് ഉന്നയിക്കപ്പെട്ട പട്ടയ വിഷയങ്ങൾ ഉൾപ്പെടുത്തി പട്ടയം ഡാഷ്ബോർഡ് രൂപീകരിച്ച് പ്രവർത്തനങ്ങൾ വേഗത വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>നടപടി പൂർത്തീകരിക്കാനുള്ള അപേക്ഷകളുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ പറയുന്നു.<br><br>1) തിരുവനന്തപുരം - 3255<br><br>2)കൊല്ലം - 1098 (കൂടാതെ, പത്തനാപുരം താലൂക്കിൽ കെ.ഐ.പി. കനാൽ പുറംപോക്കിൽ താമസിക്കുന്ന 276 കുടുംബങ്ങൾക്ക് പട്ടയം നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.)<br><br>3) പത്തനംതിട്ട -327<br><br>4) ആലപ്പുഴ – പട്ടയ അപേക്ഷകൾ ദിനം പ്രതി ലഭിക്കുന്നു. . ലഭിച്ച അപേക്ഷകളിൽ അടിയന്തര നടപടി സ്വീകരിച്ചു വരുന്നു.<br><br>5) കോട്ടയം - 8,762<br><br>6) ഇടുക്കി- 42,653 |

| | | | |
|---|---|---|---|
| | | | 7) ഏറണാകുളം -7,737<br><br>8) തൃശ്ശൂർ -27,113<br><br>9) പാലക്കാട് -31,737<br><br>10) മലപ്പുറം-23,871<br><br>11) കോഴിക്കോട് - 251<br><br>12) വയനാട്- 2,071<br><br>13) കണ്ണൂർ- 11,119<br><br>14) കാസർഗോഡ്- 6,279 |
| (ബി) | കുടിയേറ്റ മേഖലയിലെ കൈവശ ഭൂമിക്കുള്ള പട്ടയ അപേക്ഷകളിൽ തീർപ്പാക്കാനുള്ള അപേക്ഷകളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാണോ; | (ബി) | പട്ടയ അപേക്ഷകളിൽ തീർപ്പാക്കാനുള്ള അപേക്ഷകളുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ പറയുന്നു.<br><br>1)തിരുവനന്തപുരം - ഇല്ല<br><br>2) കൊല്ലം - ഇല്ല<br><br>3) പത്തനം തിട്ട - 01.01.1977 ന് മുൻപ് കൈയ്യേറിയ 1970.04 ഹെക്ടർ വനഭൂമി 6324 ഉണഭോക്താക്കൾക്ക് പതിച്ചു നൽകുന്നതിലേക്ക് കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുള്ളതാണ്.<br><br>4) ആലപ്പുഴ - ഇല്ല<br><br>5) കോട്ടയം -കുടിയേറ്റ മേഖലകളിലെ പട്ടയ അപേക്ഷകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.<br><br>6) ഇടുക്കി - 42,653<br><br>7) ഏറണാകുളം - കോതമംഗലം താലൂക്ക് പരിധിയിൽ 4,567 വനഭൂമി പട്ടയം ഉൾപ്പെടെ 5,242 അപേക്ഷകൾ തീർപ്പാക്കാനുണ്ട്.<br><br>8) തൃശ്ശൂർ - 6,149<br><br>9) പാലക്കാട് - 643<br><br>10) മലപ്പുറം -ഇല്ല<br><br>11) കോഴിക്കോട് - ഇല്ല<br><br>12) വയനാട് - 2,071<br><br>13) കണ്ണൂർ -22<br><br>14- കാസർഗോഡ് - 2 |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പട്ടയങ്ങൾ ഉപാധിരഹിതമായി നൽകണമെന്ന ആവശ്യം പരിഗണിക്കുമോ; | (സി) | 1964-ലെ ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി ചെയ്യുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. 1993-ലെ സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തുന്ന വിഷയം നിലവിൽ പരിഗണനയിൽ ഇല്ല. |
| (ഡി) | നിലവിലുള്ള ഭൂപതിവ് ചട്ടങ്ങൾ 1964-ലെ 4-ാംചട്ടം, 1993-ലെ 3-ാം ചട്ടം എന്നിവ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച സർക്കാർ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ? | (ഡി) | 1964-ലെ ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി ചെയ്യുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. 1993-ലെ സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തുന്ന വിഷയം നിലവിൽ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ